## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 39      13.01.2021-ൽ മറുപടിക്ക്

## വൈദ്യുതി വിതരണ രംഗത്തെ സ്വകാര്യവൽക്കരണം

| | ചോദ്യം<br><br>ശ്രീ . യു. ആർ. പ്രദീപ്<br>" .സി .കെ .ശശീന്ദ്രൻ<br>" രാജു എബ്രഹാം<br>"കെ . ബാബു | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോവിഡ് കാലത്ത് ജനങ്ങളുടെ ദുരിതം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രസർക്കാർ നടപടികളുടെ തുടർച്ചയായി വൈദ്യുതി വിതരണരംഗം പൂർണ്ണമായും സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) & (ബി) | 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatisation of Distribution Licensees പ്രകാരം പൊതു മേഖലയിൽ നിലനിൽക്കുന്ന വിതരണ ലൈസൻസികളുടെ ഭൂമി ഒഴികെയുള്ള ആസ്തികൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പുതുതായി വരുന്ന സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും തങ്ങളുടെ കൈവശമുള്ള ഭൂമി സ്വകാര്യ ലൈസൻസിയുടെ ഉപയോഗത്തിനായി തുച്ഛമായ നിരക്കിൽ വിട്ടുനൽകണമെന്നും വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | പൊതുമേഖലയിലുള്ള ഊർജ്ജ വിതരണ കമ്പനികളുടെ ആസ്തിയും ജീവനക്കാരെയും സ്വകാര്യ മേഖലയ്ക്ക് കൈമാറണമെന്ന് | | നിലവിലെ വിതരണ കമ്പനിയുടെ ജീവനക്കാരെ സ്വകാര്യ ലൈസൻസിക്ക് കൈമാറണമെന്നും അതേ സമയം ഇത്തരത്തിൽ കൈമാറുന്ന ജീവനക്കാരുടെ നാളിതുവരെയുള്ള |

| | | | |
|---|---|---|---|
| | നിർദ്ദേശത്തിലുണ്ടോ; സംസ്ഥാനത്ത് വൈദ്യുതി വിതരണരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ എത്രയാണ് എന്നറിയിക്കുമോ; | | റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അതത് സർക്കാരുകൾ തന്നെ വഹിക്കണമെന്നും കരട് രേഖയിൽ വിഭാവനം ചെയ്യുന്നു.<br>ഇതിനു പുറമേ നിലവിലുള്ളതും എന്നാൽ സാമ്പത്തികമായി ലാഭം ഉള്ളതുമായ വൈദ്യുതി വാങ്ങൽ കരാറുകളും സ്വകാര്യ ലൈസൻസികൾക്ക് കൈമാറാനുള്ള വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുത്തുന്നു.<br>സംസ്ഥാന വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കില്ല എന്നതാണ് ഇക്കാര്യത്തിൽ സർക്കാരിനുള്ള നിലപാട്. പ്രസ്തുത കരട് രേഖയ്ക്കുള്ള മറുപടിയിൽ കെ.എസ്.ഇ.ബി.എൽ അസന്നിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.<br>വൈദ്യുതി വിതരണ രംഗത്ത് നിലവിൽ 27073 തൊഴിലാളികൾപ്രവർത്തിച്ചു വരുന്നു. |
| (സി) | പ്രസരണ ലൈനുകൾക്കുള്ള നിരക്ക് സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിനെതിരെ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനേതര പ്രസരണ ലൈനുകളുടെ താരിഫ് നിശ്ചയിക്കുന്നത് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. ഇങ്ങനെ നിശ്ചയിക്കുന്ന താരിഫ് രാജ്യമുൾപ്പെടെയുള്ള പ്രസരണ ലൈനുകളുടെ ഉപഭോക്താക്കൾക്ക് വീതംവച്ച് നൽകുന്നതിന് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലം മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഇത് NEP-യും Tariff Policy-യും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളനുസരിച്ചാണ്, കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 04.05.2020-ൽ പുറപ്പെടുവിച്ച CERC (Sharing of Inter State Transmission Charge & Losses) Regulation, 2020 പ്രകാരം ടി മാനദണ്ഡങ്ങളിൽ വ്യതിയാനം വന്നിട്ടുണ്ട്. ഇത് മൂലം കേരളം ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങളുടെ പ്രസരണ ചാർജ്ജ് ഗണ്യമായി കൂടുന്നതാണ്. ടി റഗുലേഷന്റെ കരട് പ്രഖ്യാപിച്ച നാൾ മുതൽ സംസ്ഥാന വൈദ്യുതി ബോർഡ് ഇതിന്റെ പോരായ്മകൾ ചൂണ്ടിക്കാട്ടി കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷനെ അറിയിച്ചിരുന്നു. കൂടാതെ പ്രസ്തുത റെഗുലേഷനെതിരെ സംസ്ഥാന വൈദ്യുതി ബോർഡ് |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ Single bench ന് മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. എന്നാൽ ബഹു. ഹൈക്കോടതി വൈദ്യുതി ബോർഡിന്റെ അപേക്ഷ അംഗീകരിച്ചില്ല. ഇതിനെതിരെ അപ്പീൽ പോകാനാണ് സംസ്ഥാന വൈദ്യുതി ബോർഡ് തീരുമാനിച്ചിരിക്കുന്നത് |

സെക്ഷൻ ഓഫീസർ